(ബി) ജനാധിപത്യ സമിതികളുടെ/ജനപങ്കാളിത്തത്തോടെയുള്ള നഗര-ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനമാണ് ഉദ്ദേശലക്ഷ്യം.

(സി) ജനാധിപത്യ സമിതികൾക്കുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള നഗര ഗ്രാമാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് Kerala Town and Country Planning Ordinance 2015 [No. 19904/Leg.C1/2013/Law, dated:10th April 2015 (2015-ലെ ഓർഡിനൻസ് നമ്പർ 6)] 10th April 2015-ലെ 817-ാം നമ്പർ നോട്ടിഫിക്കേഷൻ വഴി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിൽ അനുശാസിക്കുന്ന രീതിയിൽ തന്നെയാണ് നിലവിൽ സംസ്ഥാനത്ത് നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി വരുന്നത്. ഇത് വിശദമാക്കിക്കൊണ്ട്. (SIC-യുടെ രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തം, തല്പരകക്ഷികളുടെ അഭിപ്രായ ശേഖരണം, വികസന സെമിനാറുകൾ, സാങ്കേതിക പരിശീലനങ്ങൾ എന്നിവ) ജി.ഒ.(എംഎസ്.) നമ്പർ 2766/2009/ എൽ.എസ്.ജി.ഡി. തീയതി - 24/10/2009 എന്ന ഉത്തരവിറക്കിയിട്ടുണ്ട്.

സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് റിപ്പോർട്ട്

88 (T*.5436) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-ലെ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം ഗ്രാമീണ കുടുംബങ്ങൾ ഭൂമിയില്ലാത്തവരായിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ മേഖലയിൽ കൂലിപ്പണി, വീട്ടുജോലി എന്നിവ ചെയ്ത് ജീവിക്കുന്നവർ എത്ര ശതമാനം വീതമുണ്ടെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ :

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ സെൻസസിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് കൈമാറുക മാത്രമാണ് ചെയ്തിട്ടുള്ളത്. ക്രോഡീകരിച്ച വിവരങ്ങൾ കേന്ദ്ര സർക്കാർ തലത്തിലാണ് പ്രസിദ്ധപ്പെടുത്തുന്നത്.

(സി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly